# UDAYADEEPA



VOL. XVIII ISSUE - 8
AUGUST 2026 BELTHANGADY



# Congratulations

to

## Bishop Lawrence Mukkuzhy

(Bishop Emeritus of Diocese of Belthangady)

Episcopal Consecration Day (August 4)
Feast Day (August 10)
75th Birthday (August 31)

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVIII Issue-08 August - 2026 Page- 48

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


01. Circular No-9 05

02. Notifications from the Chancellery 08

03. Catechism Department News 13

04. Bible Apostolate News 26

05. Youth Apostolate 27

06. Social Service Department 31

07 Forane Vicars' Meeting Report 34

08. Photo Gallery 35

09. Bishop's Diary : Bp. Lawrence Mukkuzhy 42

10. Bishop's Diary : Bp. James Patteril CMF 43

11. Bishop's Engagements : Bp. Lawrence Mukkuzhy 46

12. Bishop's Engagements : Bp. James Patteril CMF 47

**Circular**
**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
**No. 09/ 2026**

## സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രാജ്യമായ ഭാരതം 2026 ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യത്തിന്റെ 79-ാം വർഷികം ആഘോഷിക്കുകയാണ്. അതോടൊപ്പം സഭ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു. രാജ്യത്തോടുള്ള കൃതജ്ഞതയും ദൈവമാതാവിനോടുള്ള ഭക്തിയും ഒരുമിച്ച് പ്രകടിപ്പിക്കുന്ന ഈ പുണ്യദിനത്തിൽ എവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വന്തം ജീവൻപോലും ബലിയർപ്പിച്ച സ്വാതന്ത്ര്യ സമരസേനാനികളുടെ ത്യാഗങ്ങളെ നന്ദിയോടെ സ്മരിക്കാം. രാജ്യത്തെ നയിക്കുന്ന ഭരണാധികാരികളെയും ജനപ്രതിനിധികളേയും അതിർത്തിയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമായി രാവു പകലും ജാഗരൂകരായി സേവനം ചെയ്യുന്ന നമ്മുടെ ധീര സായുധസേനാംഗകളെയും സുരക്ഷസേനകളേയും പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം. കഴിഞ്ഞ 79 വർഷങ്ങളായി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായി ഇന്ത്യ അതിന്റെ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്നത് നമ്മുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. ശാസ്ത്ര സാങ്കേതിക വിദ്യ, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വ്യവസായം, ബഹിരാകാശ ഗവേഷണം, സാമ്പത്തിക വളർച്ച തുടങ്ങി വിവിധ മേഖലകളിൽ നമ്മുടെ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

എന്നിരുന്നലും വികസനത്തിന്റെ ഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്കളിലേക്കും ഒരുപോലെ എത്തിച്ചേരേണ്ടത് ഇന്നും നമ്മുടെ മുന്നിലുള്ള വെല്ലുവിളിയാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, അസമത്വം, പട്ടിണി, സാമൂഹിക അനീതി തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോഴും പലരുടെയും ജീവിതത്തെ ബാധിക്കുന്നു. സാമ്പത്തിക വളർച്ചയ്ക്കൊപ്പം

മനുഷ്യകേന്ദ്രീകൃതമായ വികാസവും സാമൂഹിക നീതിയും ഉറപ്പാക്കാൻ നാം എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്.

ക്രൈസ്തവ സമൂഹം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സേവനം, മനുഷ്യസ്നേഹം എന്നി മേഖലകളിലൂടെ രാജ്യനിർമ്മിതിയിൽ നൽകിയ വിലപ്പെട്ട സംഭാവനകൾ അഭിമാനകരമാണ്. ആ മഹത്തായ പാരമ്പര്യം നാം തുടരുകയും നമ്മുടെ മാതൃകാപരമായ ജീവിതവും ആത്മാർത്ഥമായ അധ്വാനവും വഴി രാജ്യത്തിന്റെ വളർച്ചയ്ക്ക് കൂടുതൽ ശക്തിപകരുകയും ചെയ്യട്ടെ. പരസ്പര ബഹുമാനവും സ്നേഹവും നീതിയും സമാധാനവും വളർത്തിയെടുക്കുന്ന സമൂഹനിർമ്മാണത്തിനായി നമുക്ക് കൈകോർക്കാം.

സ്ത്രീകളിൽ അനുഗ്രഹീതയായ മറിയത്തിന്റെ സ്വർഗ്ഗാരോപണം സഭ വലിയ ആഘോഷത്തോടെ ആഗസ്റ്റ് മാസം 15 തിയ്യതി നടത്തുന്നു. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ സ്വർഗ്ഗത്തിന്റെ ഉടമസ്ഥന്റെ സിംഹാസനമായിത്തീർന്ന മറിയത്തിന്റെ നിർമ്മലവും അനുഗ്രഹീതവുമായ ശരീരം അവളുടെ ഇഹലോക ജീവിതത്തിന്റെ അന്ത്യത്തിൽ അഴിവില്ലാത്ത സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്ന വലിയ രഹസ്യമാണ് ഈ തിരുനാളിൽ നാം ഓർക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്.

മറിയത്തിന്റെ ജീവിതാന്ത്യവും സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോകലും, ''നീതിനിഷ്ഠരുടെ മരണം കർത്താവിന്റെ മുൻപിൽ വിലയേറിയതാകുന്നു'' (സങ്കീർത്തനം 115:5), ''അങ്ങയുടെ പരിശുദ്ധനെ ജീർണ്ണിക്കാൻ അനുവദിച്ചില്ല'' (സങ്കീർത്തനം 16:10) എന്നി സങ്കീർത്തന വചനങ്ങൾ അന്വർത്ഥമാക്കുന്നതാണ്. സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് സ്വർഗ്ഗാരോപണ തിരുനാൾ. നശ്വരമായത് അനശ്വരത കൈവരിക്കും എന്നുള്ള ചിന്ത ഈ തിരുനാൾ നമുക്ക് നൽകുന്നു. ദൈവവചനത്തിനു വിധേയപ്പെട്ട് ദൈവഹിതപ്രകാരം ജീവിച്ചു എന്നുള്ളതാണ് മറിയത്തിന്റെ മഹിമ.

നീതിപൂർവ്വകമായ ജീവിതം വഴി നമുക്ക് സ്വർഗ്ഗം പ്രാപ്യമാകും എന്ന ഉന്നതമായ പ്രത്യാശ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിലൂടെ

നമുക്ക് ലഭിക്കുന്നു. മറിയത്തിന്റെ സ്വർഗ്ഗാരോപണം, ദൈവത്തോട് വിശ്വസ്തരായി ജീവിക്കുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കായി ജീവിതം സമർപ്പിക്കുകയും ചെയ്യുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്ന നിത്യജീവന്റെ മഹത്വത്തിന്റെ ഉറപ്പാണ്. അതിനാൽ, മറിയത്തിന്റെ ജീവിതം മാതൃകയാക്കി ദൈവസ്നേഹത്തിലും വിശുദ്ധിയിലും സഹോദരസ്നേഹത്തിലും ഉറച്ചുനിന്ന്, നിത്യജീവിതത്തിന്റെ പ്രത്യാശയോടെ മുന്നേറാൻ നമുക്കെല്ലാവർക്കും ഈ തിരുനാൾ പ്രചോദനമാകട്ടെ.

എല്ലാവർക്കും ഒരിക്കൽകൂടി സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. "നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു" (ഫിലി. 3:20) എന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും ✝ പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
30.07.2026

**✝ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 9.08.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for August- 2026**

For evangelization in the city

Let us pray that in large cities often marked by anonymity and loneliness we find new ways to proclaim the Gospel, discovering creative paths to build community.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

**Birth Day : August**

Rev. Fr. Mathew Thazhekattil - 01
Rev. Fr. Thomas Kallikat - 07
Rev. Fr. Thomas Kannamkal - 08
Rev. Fr. Thomas Ayankudy CMI - 16
Rev. Fr. Sebastian Chelackappally - 18
Rev. Fr. Lawrence Poonolil - 20

**Feast Day : August**

Rev. Fr. Lawrence Poonolil - 10
Rev. Fr. Rocky Menacherry -17
Rev. Fr. Augustine Pottamkulangara - 28

♦ **Appointments (Additional)**

**1. Catechetical Formation : Forane Directors**

1. Rev. Fr. Ayamkudy Joseph — Belthangady
2. Rev. Fr. Poothakkuzhiyil Joseph — Bajagoly
3. Rev. Fr. Kannamkal Thomas — Dharmasthala
4. Rev. Fr. Pampackal Joseph — Jadkal

| | | |
|---|---|---|
| 5. | Rev. Fr. Valookaran Joseph | Kutrupady |
| 6. | Rev. Fr. Pottamkulangara Augustine | Mangalore |
| 7. | Rev. Fr. Valiaparambil Joseph | Siddapura (Kodagu) |
| 8. | Rev. Fr. Chelackapally Sebastian | Thottathady |
| 9. | Rev. Fr. Odampally Francis | Udane |

**2. Cherupushpa Mission League : Forane Directors**

| | | |
|---|---|---|
| 1. | Rev. Fr. Thazhekkattil Mathew | Belthangady |
| 2. | Rev. Fr. Kochuputhanpura Paulose | Bajagoly |
| 3. | Rev. Fr. Poovathingal Devasia | Dharmasthala |
| 4. | Rev. Fr. Puthussery Joseph | Jadkal |
| 5. | Rev. Fr. Nirappel John CMF | Kutrupady |
| 6. | Rev. Fr. Jimmy CMF | Mangalore |
| 7. | Rev. Fr. Valiaparambil Joseph | Siddapura (Kodagu) |
| 8. | Rev. Fr. Paikatt Devasia | Thottathady |
| 9. | Rev. Fr. Kurialassery Joseph | Udane |

**3. Holy Childhood Society (HCA) : Forane Directors**

| | | |
|---|---|---|
| 1. | Rev. Fr. Thazhekkattil Mathew | Belthangady |
| 2. | Rev. Fr. Manappatt Mathew | Bajagoly |
| 3. | Rev. Fr. Poovathingal Devasia | Dharmasthala |
| 4. | Rev. Fr. Puthussery Joseph | Jadkal |
| 5. | Rev. Fr. Nirappel John CMF | Kutrupady |
| 6. | Rev. Fr. Jimmy CMF | Mangalore |
| 7. | Rev. Fr. Valiaparambil Joseph | Siddapura (Kodagu) |
| 8. | Rev. Fr. Paikatt Devasia | Thottathady |
| 9. | Rev. Fr. Kurialassery Joseph | Udane |

**4. Youth Apostolate : Forane Directors**

| | | |
|---|---|---|
| 1. | Rev. Fr. Theruvanmoola Mathew CMF | Belthangady |
| 2. | Rev. Fr. Cheriapally Sebastian | Bajagoly |
| 3. | Rev. Fr. Punnathanath Sebastian | Dharmasthala |

| | | |
|---|---|---|
| 4. | Rev. Fr. Puthussery Joseph | Jadkal |
| 5. | Rev. Fr. Puthiyara Thomas | Kutrupady |
| 6. | Rev. Fr. Kuttickal Emmanuel | Mangalore |
| 7. | Rev. Fr. Theruvanmoola Joy CMF | Siddapura (Kodagu) |
| 8. | Rev. Fr. Thurackal Joseph | Thottathady |
| 9. | Rev. Fr. Puthiyara Thomas | Udane |

**5. Family Apostolate : Forane Directors**

| | | |
|---|---|---|
| 1. | Rev. Fr. Panachickal Thomas | Belthangady |
| 2. | Rev. Fr. Poothakkuzhiyil Joseph | Bajagoly |
| 3. | Rev. Fr. Ambatt Mathew | Dharmasthala |
| 4. | Rev. Fr. Mattam Joseph | Jadkal |
| 5. | Rev. Fr. Parekattil Joseph | Kutrupady |
| 6. | Rev. Fr. Poovathingal Sebastian | Mangalore |
| 7. | Rev. Fr. Patteril Abraham | Siddapura (Kodagu) |
| 8. | Rev. Fr. Malikayil Varkey | Thottathady |
| 9. | Rev. Fr. Vettamthadathil Mathew | Udane |

**6. Vocation Promotion : Forane Directors**

| | | |
|---|---|---|
| 1. | Rev. Fr. Ayamkudy Joseph | Belthangady |
| 2. | Rev. Fr. Manappatt Mathew | Bajagoly |
| 3. | Rev. Fr. Ambatt Mathew | Dharmasthala |
| 4. | Rev. Fr. Puthussery Joseph | Jadkal |
| 5. | Rev. Fr. Vellachalil Mathew | Kutrupady |
| 6. | Rev. Fr. Kuttickal Emmanuel | Mangalore |
| 7. | Rev. Fr. Patteril Abraham | Siddapura (Kodagu) |
| 8. | Rev. Fr. Thurackal Joseph | Thottathady |
| 9. | Rev. Fr. Odampally Francis | Udane |

♦ **Other Appointments of Rev. Fathers (w.e.f. 2026 July)** :

| | | |
|---|---|---|
| 1. Rev. Fr.Cheriapally Sebastian | Director | Commission for Diffrently Abled |
| 2. Rev. Fr.Kurialassery Joseph | Director | Commission for Ecumenism & Inter Religious Dialogue |

♦ **ഓഗസ്റ്റ് 4 വിയാനി ഡേ : രൂപതാ ദിനം**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണല്ലോ ഓഗസ്റ്റ് 4. നമ്മുടെ രൂപതാ സ്ഥാപന ദിനം! എല്ലാ വൈദിക സഹോദരങ്ങൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. അന്നേ ദിവസം ദേവാലയങ്ങളിൽ രൂപതയ്ക്ക് വേണ്ടിയും, എല്ലാ വൈദീകർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

♦ **രൂപതാ ആലോചനാസമിതിയുടെ സമ്മേളനം :**

2026 ഓഗസ്റ്റ് 6-ാം തിയതി രാവിലെ 11.00 മണി മുതൽ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

♦ **ജൂണിയർ വൈദികരുടെ സമ്മേളനം :**

രൂപതയിലെ ജൂണിയർ വൈദികരുടെ സമ്മേളനം 2026 ഓഗസ്റ്റ് 12-13 തീയ്യതികളിൽ ജ്ഞാനനിലയത്തിൽ നടക്കുന്നതാണ്.

♦ **Inter - Commission Meeting :**

2026 ഓഗസ്റ്റ് 12 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം അഭി. ജെയിംസ് പട്ടേരിൽ പിതാവിന്റെ അധ്യക്ഷതയിൽ ജ്ഞാനനിലയത്തിൽവച്ച് നടക്കുന്നതാണ്. രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികരെല്ലാവരും അതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

♦ **വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ ഈ വർഷത്തെ വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനം ജ്ഞാനനിലയത്തിൽ വച്ച് 2026 ജുലൈ 6 തിങ്കളാഴ്ച രാവിലെ 6.30 മുതൽ 9-ാം തിയതി വൈകുന്നേരം 9 മണി വരെ നടത്തപെട്ടു. കുറുമശ്ശേരി ധ്യാനകേന്ദ്രത്തിലെ അച്ചന്മാരാണ് (Stigmatine Fathers) ധ്യാനം നയിച്ചത്. ധ്യാനത്തിൽ പങ്കെടുത്ത എല്ലാ അച്ചന്മാർക്കും നന്ദി അറിയിക്കുന്നു.

♦ **വൈദിക സമ്മേളനം (Priests' Conference)**

2026 ജുലൈ 10-ാം തീയ്യതി രാവിലെ 09.00 മണിമുതൽ 12.30 മണി വരെ ജ്ഞാനനിലയത്തിൽ വച്ച് ബഹു. വൈദികരുടെ സമ്മേളം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അദ്ധ്യക്ഷതയിൽ നടന്നു.

♦ **ഫൊറോനാ വികാരിമാരുടെ സമ്മേളനം :**

2026 ജുലൈ മാസം 18–ാം തിയതി രാവിലെ 10.00 മണി മുതൽ 01.00 മണി വരെ ഫൊറോനാ വികാരിമാരുടെ സമ്മേളനം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അദ്ധ്യക്ഷതയിൽ ജ്ഞാനനിലയത്തിൽ വച്ച് നടന്നു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ ഫൊറോനാ വികാരിമ്മാർക്കും നന്ദി അറിയിക്കുന്നു.

♦ **ഫൊറോന വികാരിമാരുടെ ഇടവകാ സന്ദർശനം**

അഭി. ജെയിംസ് പട്ടേരിൽ പിതാവിന്റെ നേതൃത്വത്തിൽ 2026 ജുലൈ 18 – ാം തീയതി നടന്ന ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ തീരുമാനിച്ചത്പ്പോലെ എല്ലാ ഫൊറോന വികാരിമാരും 2026 സെപ്റ്റംബർ 30 ന് മുമ്പായി തങ്ങളുടെ ഫൊറോനയിലെ എല്ലാ പള്ളികളും സന്ദർശിക്കുകയും, രൂപതയിൽനിന്നും നൽകിയിരിക്കുന്ന ഫൊറോന വികാരിമാരുടെ സന്ദർശന ഫോം പൂരിപ്പിക്കുകയും, അതിന്റെ ഒരു പ്രതി രൂപതാ കച്ചേരിയിലേയ്ക്ക് അയച്ച് തരുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

♦ **കൈക്കാരന്മാരുടെ സമ്മേളനം :**

കൈക്കാരന്മാരുടെ രൂപതാ സമ്മേളനം 2026 ജൂലൈ 22 ന് ജ്ഞാനനിലയത്തിൽ നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാംഗവും, എ. കെ.സി. സി. ഗ്ലോബൽ ഡയറക്ടർ പെരിയ ബഹു. ഫിലിപ്പ് കവിയിൽ അച്ചനാണ് ക്ലാസുകൾ നയിച്ചത്. ഈ വർഷം ഓരോ ഇടവകകളിലും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 114 കൈക്കാരന്മാരാണ് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തത്. പ്രസ്തുത സമ്മേളനത്തിലേക്ക് എല്ലാ കൈക്കാരന്മാരെയും പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും, പങ്കെടുത്ത എല്ലാ കൈക്കാരന്മാർക്കും നന്ദി അറിയിക്കുന്നു.

♦ **Sunday Collection** : Vianney Day - 2nd August 2026
Justice Sunday - 23rd August 2026

**Fr. Lawrence Poonolil**
Chancellor

# വിശ്വാസ പരിശീലന രംഗം

**"മറിയം പറഞ്ഞു : എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എൻെറ ചിത്തം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." - ലൂക്ക 1:46,47.**

'വിശുദ്ധ ജോൺ മരിയവിയാനിയുടെ സമർപ്പണവും, അമ്മമറിയത്തിന്റെ വിധേയത്വവും, സ്വാതന്ത്ര്യത്തിന്റെ നന്മയും ചേർത്തുപിടിച്ച് വിശ്വാസത്തിലും സ്നേഹത്തിലും നമുക്ക് ഒരുമിച്ച് വളരാം.'

**ആഗസ്റ്റ് 4: വി. ജോൺ മരിയ വിയാനിയുടെ തിരുനാളും രൂപതാ ദിനവും:**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയവിയാനി, പ്രാർത്ഥനയിലൂടെയും ലളിതജീവിതത്തിലൂടെയും ആത്മാക്കളെ ദൈവത്തിലേക്ക് അടുപ്പിച്ചു. അതോടൊപ്പം നമ്മുടെ രൂപതയുടെ പിറവിദിനമായ ഇന്ന്, നമ്മെ വിശ്വാസത്തിൽ വഴിനടത്തുന്ന എല്ലാ വൈദികർക്കായും രൂപതയുടെ വളർച്ചയ്ക്കായും പ്രാർത്ഥിക്കാൻ നാം കടപ്പെട്ടിരിക്കുന്നു.

**ആഗസ്റ്റ് 15 പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും:**

ദൈവഹിതത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങി ജീവിച്ച് സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ട പരിശുദ്ധ അമ്മ ദൈവവിശ്വാസത്തിന്റെ ആത്യന്തിക വിജയമാണ് കാട്ടിത്തരുന്നത്. അതോടൊപ്പം, സ്വാതന്ത്ര്യത്തിനായി പോരാടിയ മഹാരഥന്മാരെ ഓർക്കാനും നമ്മുടെ ഭാരതമെന്ന പുണ്യഭൂമിയെ ദൈവകരങ്ങളിൽ സമർപ്പിക്കാനുമുള്ള ദിനമാണിത്.

**പ്രിയപ്പെട്ട അദ്ധ്യാപകരേ...**

വി. ജോൺ മരിയ വിയാനിയെപ്പോലെ, പ്രതിസന്ധികളിലും തളരാതെ കുഞ്ഞുങ്ങളെ സ്നേഹത്തോടെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന നിങ്ങളാണ് ഈ രൂപതയുടെ യഥാർത്ഥ വെളിച്ചം. വലിയ പ്രസംഗങ്ങളെക്കാൾ നിങ്ങളുടെ ജീവിത മാതൃകയാണ് കുഞ്ഞുങ്ങൾ കാണുന്നത്. സമർപ്പണത്തോടെ നിങ്ങളർപ്പിക്കുന്ന സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

**പ്രിയപ്പെട്ട കുഞ്ഞുങ്ങളേ...**

നമ്മുടെ കൊച്ചു രൂപത നിങ്ങളെപ്പോലെയുള്ള കുരുന്നുകളിലൂടെയാണ് വളരുന്നത്. നന്മയുടെയും സ്വാതന്ത്ര്യത്തിന്റെയും യഥാർത്ഥ അർത്ഥം നമ്മെ പഠിപ്പിച്ച പരിശുദ്ധ അമ്മയെപ്പോലെ, ദൈവഹിതത്തിന് എപ്പോഴും 'ആമേൻ' പറയാൻ നിങ്ങൾക്കാകട്ടെ. ദൈവത്തെയും മാതാപിതാക്കളെയും നാടിനെയും സ്നേഹിക്കുന്ന നല്ല ദൈവമക്കളായി നിങ്ങൾ വളരണം.
എല്ലാവർക്കും തിരുനാളുകളുടെയും സ്വാതന്ത്ര്യദിനത്തിന്റെയും ഹൃദയം നിറഞ്ഞ മംഗളങ്ങൾ!

**സഭാതല വെബിനാറും അസൈൻമെന്റും**

ജൂൺ 21 മുതൽ 30 വരെ നടന്ന "A Study of the Ten Commandments" വെബിനാറിൽ നിങ്ങളെല്ലാവരും പങ്കെടുത്തുകാണുമല്ലോ? ആർക്കെങ്കിലും പങ്കെടുക്കാൻ സാധിച്ചിട്ടില്ലെങ്കിൽ യൂട്യൂബിലും The Synodal Commission for Catechesis എന്ന വെബ്സൈറ്റിലും ക്ലാസുകൾ ഉണ്ട്, അത് കേൾക്കണം. എല്ലാ അധ്യാപകരും അസൈൻമെന്റ് എഴുതണം എന്നാണ് സഭാആസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിരിക്കുന്നത്. എല്ലാവരും ക്ലാസ്സുകൾ കേട്ട് അസൈൻമെന്റ് എഴുതി **ഓഗസ്റ്റ് 30 നുള്ളിൽ** രൂപതാകേന്ദ്രത്തിൽ എത്തിക്കുക. നിങ്ങൾക്ക് കാക്കനാടിൽനിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും.

**വിശ്വാസപരിശീലന കൗൺസിൽ മീറ്റിംഗ്**

ജൂലൈ 18 ാം തിയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിമുതൽ 4.00 മണിവരെ ജ്ഞാനനിലയത്തിൽവച്ച് രൂപതാ വിശ്വാസപരിശീലന കൗൺസിൽ മീറ്റിംഗ് നടന്നു. അഭിവന്ദ്യ പിതാവും പെരിയ ബഹു. ജനറാളച്ചനും ഒൻപതു ഫൊറോനകളിലെ ഫൊറോന വികാരിമാരും രൂപതാ സെൻട്രൽ കമ്മിറ്റി അംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുത്തു.

ബഹു. ജോസഫ് ചീരൻ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സിസ്റ്റർ പാവന എഫ്സിസി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചകളിൽനിന്നും ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **പരീക്ഷ:**

* രണ്ട് സെമസ്റ്റർ പരീക്ഷകൾക്കും എക്സാമിനറിനെ ഫൊറോന തലത്തിൽ നിന്നും നിയമിക്കണം.
* ഒന്നാം സെമസ്റ്റർ - ഒക്ടോബറിലും രണ്ടാം സെമസ്റ്റർ - ഏപ്രിലിലും നടത്തുക.
* റെഗ്യുലർ സ്റ്റുഡന്റസിന് മാത്രമായിരിക്കും സ്കോളർഷിപ്പിനു മൽസരിക്കാൻ അർഹതയുള്ളത്.
* 4, 7, 10, 12 എന്നീ ക്ലാസുകളിൽ 96% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരെ രൂപതാതലത്തിൽ ആദരിക്കുന്നതാണ്.

2. **ക്രിസ്തോത്സവം:**

* എല്ലാ ഇടവകകളും ക്രിസ്തോത്സവ അഥവാ ക്രിസ്റ്റീൻ ധ്യാനം നടത്തണം. രൂപതാ തലത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തുവാൻവേണ്ടി ഒരു ടീം രൂപികരിക്കുക. ആവശ്യപ്പെടുന്ന ഇടവകകളിൽ ഈ ടീം ക്രിസ്തോത്സവം നടത്തികൊടുക്കുന്നതാണ്.

3. **സിഎംഎൽ ബൈബിൾ കലോത്സവം**

ഗ്രൂപ്പ്ഡാൻസ്, ബൈബിൾ നാടകം എന്നിങ്ങനെയുള്ള കൂടുതൽ പ്രോപ്പർട്ടികൾ ആവശ്യമുള്ള ഇനങ്ങൾ ഒഴിവാക്കി ബാക്കിയെല്ലാം പതിവുപോലെ നടത്തുക.

4. **ജ്ഞാനസന്ദേശ ബൈബിൾ ക്വിസ്സ്**

* വെളിപാട് പുസ്തകമാണ് പഠിക്കാനുള്ളത്. കുട്ടികളുടെയും മുതിർന്നവരുടെയും വെവ്വേറെ ഗ്രൂപ്പുകൾ ഉണ്ടായിരിക്കും. കുട്ടികൾക്ക് ബൈബിളിൽ നിന്നു മാത്രമായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക. മുതിർന്നവർക്ക് പഠിക്കാനുള്ള വ്യാഖ്യാന നോട്സ് നൽകുന്നതാണ്.

5. **ഫൊറോന സെമിനാർ:**

ഫൊറോന സെമിനാർ അതാത് ഫൊറോനകൾ തന്നെ നടത്തേണ്ടതാണ്. രൂപതയിൽനിന്നും നടത്തണമെങ്കിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**6. സണ്ടേസ്കൂൾ വിസിറ്റ്:**

* മുൻകൂട്ടി അറിയിക്കാതെയുള്ള വിസിറ്റാണ് ഈ പ്രാവശ്യം നടത്തുന്നത്. വിസിറ്റിന്റെ രീതികൾ പഴയതുപോലെതന്നെയായിരിക്കും.

**7. ആദരിക്കുന്നു:**

* പന്ത്രണ്ടുവർഷവും പൂർണ്ണ ഹാജർ ഉള്ള അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്.
* വിശ്വാസ പരിശീലനത്തിൽ **15 വർഷത്തെ** സേവനം പൂർത്തിയാക്കിയ അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്.

**8. അറിയിപ്പുകൾ:**

അറിയിക്കേണ്ട വിവരങ്ങളെല്ലാം ഉദയദീപത്തിലൂടെയും വാട്സാപ്പിലൂടെയും ആണ് അറിയിക്കുന്നത്. എല്ലാവരും നിർബന്ധമായും സ്റ്റാഫിൽ ഉദയദീപം വായിച്ച് ചർച്ച നടത്തേണ്ടതാണ്.

**9. അവസാന തിയതി:**

രൂപതയിൽ നിന്നും നൽകുന്ന അവസാന തിയതി (ഫൈനൽ ഡേറ്റ്) കഴിഞ്ഞു തരുന്ന ഒന്നും പരിഗണിക്കുന്നതല്ല.

**10. വിശ്വാസ പരിശീലന മണിക്കൂർ:**

വിശ്വാസ പരിശീലന മണിക്കൂറും വിശ്വാസ പരിശീലന വാരവും നിർബന്ധമായും എല്ലാ സണ്ടേസ്കൂളുകളിലും അനുവർത്തിക്കേണ്ടതാണ്.

**11. വാർഷിക ധ്യാനം:**

ഈ വർഷം അധ്യാപകർക്ക് രൂപതാ തലത്തിൽ ധ്യാനമാണ് നടത്തുന്നത്. അത് ഒക്ടോബർ 3, 4 തിയതികളിലായിരിക്കും. ചിലപ്പോൾ ധ്യാന ടീമിനെ ലഭിക്കുന്നതനുസരിച്ച് തിയതിയിൽ മാറ്റം ഉണ്ടാകാം.

**12. മാസപ്രാർത്ഥന:**

അധ്യാപകരുടെ മാസപ്രാർത്ഥന മുടങ്ങാതെ നടത്തണം.

**13. ഡിജിറ്റൽ ഫാസ്റ്റിംഗ്:**

തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ വൈകുരേം 7 മണി മുതൽ

8 മണി വരെ ഒരു മണിക്കൂർ സമയം ഇലക്ട്രോണിക് ഉപകരണങ്ങൾ മാറ്റിവെച്ച് / ഓഫ് ചെയ്ത് കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനുംവേണ്ടി ചിലവഴിക്കുക.

**14. പ്രധാന അധ്യാപകരുടെ സേവന അവധി:**

പ്രധാന അധ്യാപകരുടെ സേവന അവധി മൂന്നു മുതൽ അഞ്ചു വർഷം വരെ ആയിരിക്കും. അടുത്ത അവധിക്ക് അവരെ നിയമിക്കാൻ പാടില്ല. അടുത്ത മൂന്നു മുതൽ അഞ്ചു വർഷത്തിനുശേഷം ആവശ്യ മെങ്കിൽ അവരെ വീണ്ടും നിയമിക്കാവുന്നതാണ്. ഇത് വികാരി അച്ഛന്റെ വിവേചനത്തിനും തീരുമാനത്തിനും വിട്ടിരിക്കുന്നതാണ്.

**15. ഫൊറോനാ കൗൺസിൽ:**

എല്ലാ ഫൊറോനകളിലും വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും ഒരു സംയുക്ത കൗൺസിൽ രൂപീകരിക്കണം. ഈ കൗൺസിലിന്റെ ഘടന താഴെക്കാ ണുന്നതുപോലെ ആയിരിക്കും.

**അംഗങ്ങൾ:**

1. ഫൊറോനാ വികാരിയച്ചൻ.
2. ഫൊറോനാ സിഎംഎൽ & എച്ച്സിഎ ഡയറക്ടർ.
3. തെരഞ്ഞെടുക്കപ്പെടുന്ന മിഷൻലീഗിന്റെ ഒരു വൈസ് ഡയറക്ടർ.
4. തെരഞ്ഞെടുക്കപ്പെടുന്ന ഒരു തിരുബാലസഖ്യ പ്രൊമോട്ടർ.
5. പിടിഎ പ്രസിഡണ്ടിന്റെ ഒരു പ്രതിനിധി.
6. ഫൊറോനയിലെ ഒരു നടത്തിപ്പ് കൈക്കാരൻ.
7. ഫൊറോനാ വിശ്വാസപരിശീലന സ്റ്റാഫ് സെക്രട്ടറി.
8. ഫൊറോനയിലെ എല്ലാ ഇടവകകളിലെയും ഹെഡ്മാസ്റ്റർമാർ.

**പ്രവർത്തനം:**

1. വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും മീറ്റിംഗ് കൂടി ഫൊറോനയിലെ വിശ്വാസപരിശീലന, മിഷൻലീഗ്, തിരുബാലസഖ്യ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആവശ്യമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. ഫൊറോനാതലത്തിൽ കുട്ടികൾക്കും അധ്യാപകർക്കും ആവശ്യ മുള്ള സെമിനാറുകൾ, ക്ലാസ്സുകൾ, ധ്യാനങ്ങൾ എന്നിവ പ്ലാൻ ചെയ്ത് നടപ്പിലാക്കുക.

3. ഫൊറോനാതല മൽസരങ്ങൾ സംഘടിപ്പിക്കുക.
4. ആവശ്യമെങ്കിൽ ഇടവകകൾ സന്ദർശിച്ചു പ്രവർത്തനങ്ങളെ വിലയിരുത്തി വേണ്ട നിർദേശങ്ങളും തിരുത്തലുകളും നല്കുക.

**കാലാവധി:**

ഒരു കൗൺസിലിന്റെ കാലാവധി മൂന്നു (3) വർഷം ആയിരിക്കും. അഭിവന്ദ്യ ജെയിംസ് പിതാവിന്റെ സന്ദേശത്തോടുകൂടി മീറ്റിംഗ് അവസാനിച്ചു.

## മിഷൻ ക്വെസ്റ്റ്

ആഗോളതലത്തിൽ ഗൂഗിൾ ഫോമുവഴി വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന മിഷൻ ക്വെസ്റ്റ് എന്ന ഓൺലൈൻ ക്വിസ് മത്സരം ആറാം പതിപ്പ് ഈ വർഷം **ഡിസംബർ 6 ഞായറാഴ്ച ഇന്ത്യൻ സമയം വൈകുന്നേരം 6.00 മണിക്ക്** നടത്തപ്പെടുന്ന കാര്യം നിങ്ങൾ ഏവരെയും അറിയിക്കുന്നു. ആഗോള സീറോ മലബാർ സഭയുടെ ഐക്യവും അതോടൊപ്പം നമ്മുടെ അറിവും വിശ്വാസവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി നടത്തപ്പെടുന്ന ഈ സംരംഭത്തിൽ നിങ്ങൾ എല്ലാവരും പങ്കുചേരണമെന്ന് സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ മിഷൻ ആൻഡ് കാതെകേസിസ് സെക്രട്ടറിമാരായ ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, ഫാ. ജോഷി പാണംപറംബിൽ എന്നിവർ അറിയിച്ചിരിക്കുന്നു.

NB: മിഷൻ ക്വസ്റ്റിന്റെ നോട്ടീസും പഠിക്കേണ്ട സിലബസിന്റെ പിഡിഎഫ് ഫയലുകളും വാട്സ്ആപ്പ് ഗ്രൂപ്പിൽ ശെയർ ചെയ്തിട്ടുണ്ട്. അതു കാണുക.

# ചെറുപുഷ്പ മിഷൻലീഗ്

ഓഗസ്റ്റ് മാസം നമ്മുടെ വിശ്വാസജീവിതത്തിലും സഭാജീവിതത്തിലും ഒരുപോലെ ആവേശവും ഭക്തിയും നിറയ്ക്കുന്ന മനോഹരമായ മാസമാണ്. ഈ മാസത്തിൽ നമ്മെ തേടിയെത്തുന്ന പ്രധാനപ്പെട്ട രണ്ട് ദിനങ്ങളെക്കുറിച്ച് ചിന്തിക്കാനും അത് ജീവിതത്തിൽ പ്രാവർത്തികമാക്കാനും നമുക്ക് ശ്രമിക്കാം.

**1. ഓഗസ്റ്റ് 4: വി. ജോൺ മരിയ വിയാനിയുടെ തിരുനാളും രൂപതാദിനവും.**

ഇടവക വികാരിമാരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനി

(ആർസിലെ പുരോഹിതൻ) നമ്മെ പഠിപ്പിക്കുന്നത് പ്രാർത്ഥനയുടെയും എളിമയുടെയും വലിയ പാഠങ്ങളാണ്.

നമ്മുടെ രൂപതയിലെ മെത്രാനും, വികാരിയച്ചനും, മറ്റ് വൈദികർക്കും സമർപ്പിതർക്കും വേണ്ടി ഇന്ന് പ്രത്യേകമായി പ്രാർത്ഥിക്കാം. ഒരു കൊച്ചു പ്രാർത്ഥനയെങ്കിലും ചൊല്ലി അവർക്കായി കാഴ്ചവയ്ക്കാം.

**2. ഓഗസ്റ്റ് 15: പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും.**

പരിശുദ്ധ അമ്മ ദൈവത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങി ജീവിച്ചതുപോലെ, ദൈവസ്നേഹത്തിലും വിശുദ്ധിയിലും വളരാൻ അമ്മ നമ്മെ സഹായിക്കും. അതോടൊപ്പം, നല്ല പൗരന്മാരായി ജീവിച്ചുകൊണ്ട് രാജ്യത്തെ സ്നേഹിക്കാനും സേവിക്കാനും മിഷൻ ലീഗ് അംഗങ്ങളായ നമുക്ക് കടമയുണ്ട്.

ദൈവത്തെയും മാതൃരാജ്യത്തെയും സ്നേഹിക്കുന്ന നല്ല മക്കളായി ജീവിക്കുമെന്ന് ഈ ദിനത്തിൽ പ്രതിജ്ഞയെടുക്കാം.

എല്ലാ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾക്കും രൂപതാ ദിനത്തിന്റെയും, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും, സ്വാതന്ത്ര്യദിനത്തിന്റെയും ഹൃദയം നിറഞ്ഞ ആശംസകൾ!

ഓഗസ്റ്റ് 4 വിശുദ്ധ ജോൺ മരിയ വിയാനി ഡേ ആണ്. അന്നേദിവസം എല്ലാ വൈദികർക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വളരെ പ്രത്യേകമായി നമ്മുടെ വികാരി അച്ചനെ കണ്ട് ആശംസകൾ അറിയിക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

## സുകൃതവാരം

ഓഗസ്റ്റ് 9 – 15 ാം തീയതിവരെ സുകൃതവാരമായി ആചരിക്കുന്നു. മിഷൻലീഗ് അംഗങ്ങൾ ഈ ദിവസങ്ങളിൽ തങ്ങൾക്ക് സാധിക്കുന്നത്രയും സുകൃതജപങ്ങൾ ചൊല്ലി യുദ്ധങ്ങൾ അവസാനിക്കുന്നതിനും ലോകസമാധാനത്തിനുവേണ്ടി കാഴ്ചവച്ച് പ്രാർത്ഥിക്കണം. ഓഗസ്റ്റ് 16 ാം തിയതി നിങ്ങൾ ചൊല്ലിയ സുകൃതജപങ്ങളുടെ കണക്ക് അധ്യാപകർക്കു കൊടുക്കണം. ഇടവകയിൽനിന്നും മൊത്തം കണക്ക് ഓഗസ്റ്റ് 23 നുള്ളിലായി ഇവിടെ അറിയിക്കേണ്ടതാണ്.

**സി.എം.എൽ. വൈസ് ഡയറക്ടർ, ആനിമേറ്റർ തിരുബാലസഖ്യം പ്രമോട്ടർ മീറ്റിംഗ്**

ജൂലൈ 19 ആം തീയതി ജ്ഞാനനിലയത്തിൽ വച്ച് സി.എം.എൽ. വൈസ് ഡയറക്ടർ, ആനിമേറ്റർ തിരുബാലസഖ്യം പ്രമോട്ടർ എന്നിവരുടെ മീറ്റിംഗ് നടന്നു. രാവിലെ 11.00 മണിക്ക് ആരംഭിച്ചു ഉച്ചയ്ക്ക് 1.45 നു അവസാനിച്ചു.

ബഹുമാനപ്പെട്ട ജോസഫ് ചീരൻ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സിസ്റ്റർ ക്രിസ്റ്റീന സിഎംസി റിപ്പോർട്ട് അവതരിപ്പിച്ചു. ചാൻസിലർ ബഹുമാനപ്പെട്ട ലോറൻസ് പൂണോലിൽ അച്ചൻ ദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ബഹുമാനപ്പെട്ട വർഗീസ് കഴുതാടിയിൽ സാർ എം.സി. ആയി പരിപാടികൾ ക്രമപ്പെടുത്തി. മിഷൻ ആന്തത്തോടുകൂടി മീറ്റിങ്ങ് അവസാനിപ്പിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **പ്രതിഭാസംഗമം:** 7, 12 ക്ലാസുകളിലെ കുട്ടികൾക്കായി കാക്കനാട് മൗണ്ട് സെൻറ് തോമസിൽവച്ച് നടത്തപ്പെടുന്ന പ്രതിഭാസംഗമം എന്ന പരിപാടിയിലേക്ക് ഓരോ ഇടവകയിൽനിന്നും പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി പേരുവിവരങ്ങൾ അതാത് സമയത്ത് രൂപതയിലേക്ക് അറിയിക്കണം.
2. **മിഷൻ ക്വെസ്റ്റ്:** സീറോ മലബാർ സഭ ആഗോളതലത്തിൽ നടത്തുന്ന മിഷൻ ക്വെസ്റ്റ് എന്ന പരിപാടിക്ക് സാധിക്കുന്നത്രയും കുട്ടികളെയും മുതിർന്നവരെയും പങ്കെടുപ്പിക്കണം.
3. **സുകൃതവാരം:** സുകൃതവാരം എന്ന പരിപാടി തുടരുന്നത് നല്ലതാണ് എന്ന് തീരുമാനിച്ചു.
4. **മിഷൻ ഗ്രാമം:** മിഷൻ ഗ്രാമം നല്ല അനുഭവമാണെന്ന് പലരും പങ്കുവച്ചതിനെതുടർന്ന് അത് നടത്തണമെന്ന അഭിപ്രായമുണ്ടായി. നമ്മുടെ രൂപതയിൽതന്നെയുള്ള ഇടവകകളെ മിഷൻ ഗ്രാമമായി നൽകിയാൽ മതി എന്ന് തീരുമാനിച്ചു.
5. **മിഷൻ പ്രദേശസന്ദർശനം:** സിഎംഎൽ കുട്ടികളെ സംബന്ധിച്ചു മിഷൻ പ്രദേശം സന്ദർശിക്കുന്നത് നല്ലതാണെന്നും അതിന് മിഷൻ ലീഗ് ഭാരവാഹികളെ പറഞ്ഞയക്കണമെന്നും അഭിപ്രായമുണ്ടായി.

6. **മിഷൻ സണ്ടേ:** ആഗോള മിഷൻ സണ്ടേയും സീറോ മലബാർ സഭയുടെ പ്രേഷിത വാരവും സമുചിതമായി ആചരിക്കണം. മിഷൻ സണ്ടേയിൽ കുട്ടികൾ സമാഹരിച്ച തുകയുടെ 50 % പാപ്പായുടെ മിഷൻഫണ്ടിലേക്ക് നല്കുവാനായി രൂപതയ്ക്ക് നല്കണം.

7. **നിയമാവലി പഠിക്കുക:** മിഷൻ ലീഗ് ഭാരവാഹികൾ നിയമാവലി പഠിക്കുകയും അംഗങ്ങളെ പഠിപ്പിക്കുകയും ചെയ്യണം.

8. **പഠന വിഷയം:** ഈ പ്രവർത്തനവർഷത്തെ പഠന വിഷയം **"സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം."** അതിനാൽ കത്തോലിക്ക സഭയെക്കുറിച്ചും സീറോ മലബാർ സഭയെക്കുറിച്ചും നമ്മുടെ രൂപതയെയും ഇടവകയെയും കുറിച്ചും കുട്ടികളെ പഠിപ്പിക്കണം.

9. **ഉദയദീപം:** ഉദയദീപം സ്റ്റാഫ് മീറ്റിങ്ങിലോ മാസ പ്രാർത്ഥനയിലോ നിർബന്ധമായും വായിക്കണം. അതിനെക്കുറിച്ച് ചർച്ച നടത്തണം.

10. **തിരുബാലസഖ്യ പ്രാർത്ഥന:** തിരുബാലസഖ്യത്തിന്റെ പ്രാർത്ഥന ചുരുക്കി (ഷോർട്ട്) നൽകുവാൻ തീരുമാനമായി.

11. **ഫോട്ടോ ആൽബം:** മിഷൻ ലീഗ് തിരുബാലസഖ്യം സംഘടനകളുടെ പ്രത്യേക പ്രവർത്തനങ്ങളുടെ ഫോട്ടോ എടുത്ത് ഫോട്ടോ ആൽബം റിപ്പോർട്ട് തയ്യാറാക്കുന്നത് നല്ലതാണ് എന്ന അഭിപ്രായമുണ്ടായി.

12. **പ്രവർത്തനവും വചനവും:** ഇനിമുതൽ ഉദയദീപത്തിൽ പ്രവർത്തനവും വചനവും നൽകുന്നതല്ല. അത് അതാത് ഇടവകകൾ തന്നെ ചെയ്യണം.

13. **വീഡിയോയും റിപ്പോർട്ടും:** മിഷൻ ലീഗ് തിരുബാലസഖ്യം സംഘടനകളുടെ പ്രത്യേക പരിപാടികളുടെ വീഡിയോ ചെയ്തു അയയ്ക്കണം. അങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ഒരു ഹ്യസ്വറിപ്പോർട്ട് അയച്ചുതരണം. അത് ഉദയ ദീപത്തിൽ ഇടുന്നതാണ്.

14. **ക്രിസ്തുരാജന്റെ തിരുനാൾ** ദിവസം മിഷൻ റാലി നടത്തണം.

15. **ബൈബിൾ കലോത്സവം:** ഈ വർഷം മിഷൻലീഗ് സംഘടനയുടെ ബൈബിൾ കലോത്സവമാണ്. നടത്തേണ്ട മത്സര ഇനങ്ങൾ ഏവ എന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്തു തീരുമാനിച്ചു.

72 പേര് ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടുകൂടി മീറ്റിംഗ് അവസാനിച്ചു.

## 1. മല്സര ഇനങ്ങൾ

| Junior | Senior | Group |
|---|---|---|
| 1. Song Solo | 1. Pick & Speak | 1. Group Song |
| 2. Speech | 2. Poetry writing | 2. General Quiz |
| 3. Pencil Drawing | 3. Drawing | |
| 4. Single Dance | 4. Mono Act | |

## 2. മത്സരത്തിനുള്ള പൊതുനിബന്ധനകൾ:

1. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ചായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. അതായത് Boys, Girls എന്ന രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

2. ജൂനിയേഴ്സ് - സണ്ടേസ്കൂളിൽ 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ.

സീനിയേഴ്സ് - സണ്ടേസ്കൂളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ.

(Note: ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ പ്രായഭേദമെന്യേ മിഷൻലീഗിന്റെ അംഗങ്ങളാണ്. ആദ്യകുർബാന സ്വീകരിക്കാത്ത കുട്ടികൾ ജൂൺ 1, 2026 ന് 10 വയസ്സ് തികഞ്ഞാൽ മിഷൻലീഗിലെ അംഗങ്ങളായിരിക്കും)

3. 2026-27 അദ്ധ്യയന വർഷത്തിൽ മിഷൻലീഗിന്റെ അംഗങ്ങളായിട്ടുള്ളവർക്ക് മാത്രമേ ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹതയുള്ളു. രൂപതയിൽ നൽകിയിരിക്കുന്ന 2026-27 ലെ സി.എം.എൽ. അംഗങ്ങളുടെ ലിസ്റ്റിൽ പേരും ജനനത്തിയതിയും ക്ലാസ്സും ഉണ്ടായിരിക്കണം.

4. എല്ലാ മത്സരങ്ങളുടെയും കഥാവസ്തു ക്രിസ്തീയ സന്ദേശം ഉൾക്കൊള്ളുന്നതായിരിക്കണം.

5. വ്യക്തിഗത മത്സരങ്ങളിൽ ഫൊറോന തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരും സമൂഹ മത്സരങ്ങളിൽ ഫൊറോന തലത്തിൽ

ഒന്നാം സ്ഥാനം ലഭിച്ചവരും ആയിരിക്കും രൂപതാതലത്തിൽ മത്സ രിക്കാൻ അർഹരായവർ.

7. ഫൊറോന തലത്തിൽ മൽസരങ്ങൾ നടത്തേണ്ടത് ഫൊറോന കൗൺസിൽ ആണ്.

8. നൃത്തം, പിക്ക് ആന്റ് സ്പീക്ക്, മോണോ ആക്റ്റ്, ഗ്രൂപ്പ്സോങ്ങ് എന്നിവയ്ക്ക് സൗണ്ട് സിസ്റ്റം നൽകുന്നതായിരിക്കും. മറ്റു മത്സര ഇനങ്ങൾക്കൊന്നും സൗണ്ട് സിസ്റ്റം നൽകുന്നതല്ല.

9. മത്സര തലങ്ങളും നടത്തേണ്ട തിയതികളും:

1. **ഇടവക തലത്തിൽ – സെപ്റ്റംബർ 15 നുള്ളിൽ** നടത്തി വിജയിക ളുടെ ലിസ്റ്റ് ഫൊറോനയിലേക്ക് അയക്കേണ്ടതാണ്.

2. **ഫൊറോന തലത്തിൽ – ഒക്ടോബർ 18 നുള്ളിൽ** നടത്തി വിജ യികളുടെ ലിസ്റ്റ് രൂപതയിലേക്ക് അയക്കേണ്ടതാണ്.

3. **രൂപതാതലത്തിൽ – നവമ്പർ ഒമ്പതിനായിരിക്കും** മൽസരങ്ങൾ നടത്തപ്പെടുക. മാറ്റമുണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

10. ഒരാൾക്ക് വ്യക്തിഗത മൽസരത്തിൽ രണ്ട് (2) ഇനങ്ങളിൽ മാത്രം പങ്കെടുക്കാൻ അനുവാദമുള്ളു. സമൂഹമൽസരത്തിനു ഇതു ബാധ കമല്ല.

3. ഓരോ ഇനത്തിനുമുള്ള നിബന്ധനകളും Judging criteria യും ഉട നെതന്നെ വാട്സ്ആപ്പിലൂടെ നല്കുന്നതാണ്.

**മിഷൻ ഗ്രാമം**

| | Parish | | Mission Grama |
|---|---|---|---|
| 1. | Addahole, St. Joseph's | - | Moorje, St. Xavier |
| 2. | Ajekar, St. Alphonsa | - | Guthigar, St. Mary's |
| 3. | Arla, St. Mary's | - | Maddody, St. Mary's |
| 4. | Bajagoli, St. Thomas | - | Ellukochi, Infant Jesus |
| 5. | Bangady, Mariambika | - | Kankanady, St.Alphonsa |
| 6. | Battiyal, St. Mary's | - | Kervashe, Infant Jesus |

| | | | |
|---|---|---|---|
| 7. | Belthangady, St. Lawrence | - | Katipalla, Mary Matha |
| 8. | Bolmanar, St. Mary's | - | Mantrady, Mar Sleeva |
| 9. | Devagiri, St. Jude | - | Ajekar, St. Alphonsa |
